# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.93/23/EST-B

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം
22/11/2023

## സർക്കുലർ

വിഷയം:- ശബരിമല ദേവസ്വം കൊല്ലവർഷം 1199 മണ്ഡലം-മകരവിളക്ക് മഹോത്സവം സ്പെഷ്യൽ ഡ്യൂട്ടി സംബന്ധിച്ച്.

സൂചന:-
1. ബഹു:കേരള ഹൈക്കോടതിയുടെ 16/02/2022-ലെ **SSCR.No.02/2022** ഉത്തരവ്.
2. ഈ ആഫീസിലെ 19/10/2023, 13/11/2023, 15/11/2023, 17/11/2023, 22/11/2023 തീയതികളിലെ മേൽ നമ്പർ ഉത്തരവുകൾ
3. ഈ ആഫീസിലെ 17/11/2023-ലെ മേൽ നമ്പർ സർക്കുലർ ഉത്തരവ്.
4. ശബരിമല എക്സിക്യൂട്ടീവ് ആഫീസിലെ 18/11/2023-ലെ **EOP.No.881/23/SAB** നമ്പർ റിപ്പോർട്ട്.
5. ശബരിമല എക്സിക്യൂട്ടീവ് ആഫീസിലെ 20/11/2023-ലെ **EOP.No.901/23/SAB** നമ്പർ റിപ്പോർട്ട്.

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1199 മണ്ഡലം - മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സൂചന (2) ഉത്തരവുകൾ പ്രകാരം വിവിധ വിഭാഗം ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ച് ഉത്തരവായിട്ടുള്ളതും, ഏതെങ്കിലും ജീവനക്കാരെ റിലീവ് ചെയ്യാൻ അവശേഷിക്കുന്നുണ്ടെങ്കിൽ അവരെ അടിയന്തിരത്തിൽ റിലീവ് ചെയ്യുന്നതിലേയ്ക്കായി ഈ ആഫീസിൽ നിന്നും സൂചന (3) പ്രകാരം സർക്കുലർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതുമാണ്. എന്നിട്ടും ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിരുന്ന ജീവനക്കാരിൽ ചിലർ സ്പെഷ്യൽ ഡ്യൂട്ടിയ്ക്കായി എത്തിച്ചേർന്നിട്ടില്ലായെന്ന് വിവരിച്ച് ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ റിപ്പോർട്ടുകൾ ലഭിച്ചു (സൂചന 4, 5).

ശബരിമലയിൽ ജീവനക്കാരുടെ അഭാവം കോടതിവ്യവഹാരങ്ങൾക്ക് ഇടയാക്കുന്നതാകയാൽ വിഷയത്തിന്റെ അതീവ പ്രാധാന്യം ഉൾക്കൊണ്ട് ശബരിമല സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരിൽ ഇനിയും ആരെയെങ്കിലും റിലീവ് ചെയ്യാതിരിക്കുന്നുണ്ടെങ്കിൽ അവരെ അടിയന്തിരത്തിൽ റിലീവ് ചെയ്യുന്നതിന് ബന്ധപ്പെട്ട ആഫീസ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുന്നതായിരിക്കും.

ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1. ബന്ധപ്പെട്ട എല്ലാ ആഫീസ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ, ദേവസ്വം കമ്മീഷണർ ആഫീസ്
3. സെക്ഷൻ ഫയൽ

AR.22/11